## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4983

14/11/2019 ൽ മറുപടിക്ക്

## റീസർവ്വെ റിക്കാർഡുകൾ ലഭ്യമാകാത്തത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

**ചോദ്യം**
**ശ്രീ.എൽദോ എബ്രഹാം**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റീസർവ്വെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ റിക്കാർഡുകളും സ്കെച്ചുകളും ലഭ്യമല്ലാത്തതു മൂലം ഉണ്ടാകുന്ന ഭരണപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനുള്ള പരിഹാരമായി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും, സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വെ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും, വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും, സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവ്വെ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർവ്വെ വകുപ്പ് പുന:സംഘടിപ്പിച്ചും, ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവ്വെ നടപടികൾ ത്വരിതപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ